**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3315** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ ഹയർ സെക്കണ്ടറി പരീക്ഷയിൽ ഒന്നര പതിറ്റാണ്ടിനിടെ ഉണ്ടായ ഏറ്റവും കുറവ് വിജയ ശതമാനമാണെന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | (എ) സംസ്ഥാനത്ത് ഓരോ വർഷവും ഹയർസെക്കണ്ടറി വിഭാഗത്തിലായി പരീക്ഷ എഴുതുന്നത് റഗുലർ, സ്കോൾ കേരള എന്നീ വിഭാഗത്തിൽ നിന്നുള്ള കുട്ടികളാണ്. മുൻവർഷങ്ങളിൽ കൊറോണാ വ്യാപനം നിലനിന്നിരുന്നതിനാൽ സംസ്ഥാനത്തെ സ്കൂളുകളിൽ കൃത്യമായി ക്ലാസ്സുകൾ നടക്കാത്ത സാഹചര്യവും കുട്ടികൾക്ക് കൃത്യതയോടെ പഠനം നടത്താനാകാത്ത സാഹചര്യവും നിലവിലുണ്ടായിരുന്നു. കൊറോണാ കാലഘട്ടത്തിൽ പരീക്ഷക്കായി പങ്കെടുത്ത കുട്ടികൾക്ക് തയ്യാറാക്കി നൽകിയിട്ടുള്ള ചോദ്യങ്ങൾ ലളിതവും ധാരാളം ഇളവുകളോട് കൂടിയവയുമായിരുന്നു. കൂടാതെ ടി കാലഘട്ടത്തിൽ മൂല്യനിർണ്ണയവും ലളിതമായിരുന്നു.<br><br>കൊറോണക്ക് ശേഷം സ്കൂളുകൾ സാധാരണ നിലയിൽ പ്രവർത്തിച്ച് തുടങ്ങിയിട്ടുള്ളതിനാൽ പഠനരീതി ഓൺലൈനിൽ നിന്നും മാറി നേരിട്ടുള്ള രീതിയിൽ ആയിട്ടുള്ളതാണ്. കൂടാതെ സിലബസ്സ് പ്രകാരമുള്ള പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെട്ട സാഹചര്യത്തിൽ ചോദ്യനിലവാരം കൊറോണ കാലഘട്ടത്തിലേതിൽ നിന്നും മാറ്റി കൂടുതൽ കാര്യക്ഷമവും, കുറ്റമറ്റതും ആക്കിയിട്ടുള്ളതും, തുടർന്നു മൂല്യനിർണ്ണയരീതിയും കാര്യക്ഷമമായി ചെയ്തിട്ടുള്ളതുമാണ്. ഓരോ വർഷവും പരീക്ഷ എഴുതുന്ന കുട്ടികളുടെ നിലവാരവ്യത്യാസമാവാം വിജയ ശതമാനത്തിൽ മാറ്റം ഉണ്ടാവാൻ കാരണമായെന്നും കരുതുന്നു. |
| (ബി) | ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ | (ബി) | (ബി) അക്കാദമിക് മോണിറ്ററിംഗ് ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാഠ്യപദ്ധതി |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | | പരിഷ്കരണം ഹയർസെക്കണ്ടറിയിലും നടപ്പിലാക്കുന്നതാണ്. |
| (സി) | പ്രസ്തുത ക്ലാസ്സുകളിലെ അധ്യാപന രീതി മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ? | (സി) | (സി) അധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ നാലുദിന പരിശീലനം എല്ലാ അധ്യാപകർക്കും നൽകുന്നുണ്ട്. കൂടാതെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് ദശദിന റസിഡൻഷ്യൽ പരിശീലനം (Higher Secondary Teachers Transformation Programme) ഹയർസെക്കണ്ടറി അധ്യാപകർക്ക് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ